ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

താൽക്കാലിക തസ്തികകളിൽ നിശ്ചിത കാലയളവിലേയ്ക്കാണ് നിയമനം നൽകുന്നത്. കാലാവധി തീരുന്നമുറയ്ക്ക് കരാർ പുതുക്കുകയോ പുതിയ ആൾക്കാരെ നിയമിക്കുകയോ ആണ് ചെയ്യുന്നത്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 7 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ

64 (3572) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-8-2015-ൽ പി &എ.ആർ.ഡി. പുറപ്പെടുവിച്ച സർക്കുലർ നമ്പർ 8983/Adv-C3/2015/പി &എ.ആർ.ഡി. പ്രകാരം തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള എത്ര ഒഴിവുകളാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) സർക്കുലർ നമ്പർ 10336/Adv/സി3/2014/പി &എ.ആർ.ഡി. തീയതി 23-7-2014 പ്രകാരം 2015 ഡിസംബർ 31 വരെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) 17/8/2015-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച 8983/Adv.C3/2015/P&ARD നമ്പർ സർക്കുലർ പ്രകാരം തിരുവനന്തപുരം ജില്ലയിൽ LDC തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രതീക്ഷിത ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ്	ഒഴിവുകളുടെ എണ്ണം	നിലവിൽ വരുന്ന തീയതി
ആയുർവേദ കോളേജ്	1	1-1-16
ജുഡീഷ്യറി(സിവിൽ)	1	1-3-16
ജുഡീഷ്യറി(ക്രിമിനൽ)	1	1-5-16
ജുഡീഷ്യറി(സിവിൽ)	1	1-5-16
ജുഡീഷ്യറി(സിവിൽ)	2	1-6-16
ഇൻഡസ്ട്രിയൽ ട്രെയിനിംഗ്	1	1-8-16

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

65 (3574) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പി.എസ്.സി., അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ നിയമനത്തിനായി നിലവിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകളിലെ ഒഴിവുകളിൽ നിയമനം നടത്താതെ താൽക്കാലിക/ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിശദാംശം നൽകുമോ;

(സി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്,അവയിലേക്കുള്ള നിയമന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്, റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ വരുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് പട്ടികയിൽ നിന്നും 597 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly